**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

## സബ് ഇൻസ്പെക്ടർമാരുടെ വിദഗ്ധ പരിശീലനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1507      3/05/2017-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പോലീസ് സബ് ഇൻസ്പെക്ടർമാർ പരിശീലനം കഴിഞ്ഞ് സേനയിൽ എത്തിയിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 103 പോലീസ് സബ് ഇൻസ്പെക്ടർമാർ പരിശീലനം കഴിഞ്ഞ് സേനയിൽ എത്തിയിട്ടുണ്ട്. |
| (ബി) | ആധുനിക കാലഘട്ടത്തിലെ കുറ്റകൃത്യങ്ങളായ സൈബർ ക്രൈം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യക്കടത്ത്, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം തുടങ്ങിയവ തടയുന്നതിനുള്ള പരിശീലനം ഇവർക്ക് ലഭ്യമായിട്ടുണ്ടോ; ; | (ബി) | ഉണ്ട്. സൈബർ ക്രൈം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യക്കടത്ത്, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം തുടങ്ങിയവ ഫലപ്രദമായി തടയുന്നതിനുള്ള പാഠ്യപദ്ധതികൾ സബ് ഇൻസ്പെക്ടർമാരുടെ നിലവിലുള്ള സിലബസ്സിൽ തന്നെ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങളിൽ National Police Academy പോലെയുള്ള സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനവും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മറ്റ് ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ടാണ് ഇവർക്ക് വിദഗ്ധ പരിശീലനം ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (സി) | 1) ഐ.ടി.ട്രെയിനിംഗ്, സി.സി.ടി.എൻ.എസ്, സൈബർ ഫോറൻസിക് , സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയും BPR&D, MHA, National Police Academy എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധരുമായി സഹകരിച്ചും നിരവധി ട്രെയിനിംഗ് കോഴ്സുകൾ നൽകിവരുന്നുണ്ട്.<br>2) പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായും കൃത്യനിർവ്വഹണം സുഗമമാക്കുന്നതിനുമായി Soft Skill Module ഉൾപ്പെടുത്തി പരിശീലനം നൽകി വരുന്നുണ്ട്.<br>3) വളർന്ന് വരുന്ന ഭീകരാക്രമണവും തീവ്രവാദ ആക്രമണവും നേരിടുന്നതിനായി കേരള പോലീസ് സേനാംഗങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | അത്യാധുനിക രീതിയിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ ചെന്നൈ കമാൻഡോ ട്രെയിനിംഗ് സ്കൂളിൽ നിന്നും കമാൻഡോ പരിശീലനവും KATS-ൽ നിന്നും Jungle Operations-ൽ പരിശീലനവും നൽകിവരുന്നുണ്ട്.<br>4) കോസ്റ്റൽ പോലീസിന്റേയും, കോസ്റ്റ് ഗാർഡിന്റേയും സഹകരണത്തോടെ തീര സംരക്ഷണ മേഖലയെ സംബന്ധിച്ചുള്ള പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്.<br>5) നിയമപരമായി ക്രമസമാധാന പ്രശ്നങ്ങളെ നേരിടുന്നതിനായി അടിസ്ഥാന പരിശീലന കാലയളവിൽത്തന്നെ അക്കാദമിയിലെ പരിശീലനാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകി വരുന്നുണ്ട്.<br>6) രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സോഷ്യൽ മീഡിയ വഴിയും അല്ലാതെയും വിവര ശേഖരണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പരിശീലനം നൽകി വരുന്നുണ്ട്.<br>7) വി.ഐ.പി.കളുടെ സുരക്ഷിതത്വത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും നൂതനമായ ആയുധങ്ങളുടെ ഉപയോഗവും സംബന്ധിച്ചും പരിശീലനം നൽകിവരുന്നുണ്ട്.<br>8) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വളർന്നുവരുന്ന അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുമ്പോൾ ഇരയുടെ ഭാഗത്തുനിന്ന് കൊണ്ട് അവർക്ക് പരമാവധി പരിരക്ഷ നൽകുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ